KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.152/PR/PIC/PHQ/14 Date : 03.07.2014

---

## അമിത പലിശ: രണ്ടുപേര്‍ കൂടി അറസ്റ്റില്‍

അമിത പലിശയ്ക്ക് നിയമവിരുദ്ധമായി പണം കൊടുത്തു നിയമലംഘനം നടത്തുന്നവര്‍ക്കെതിരെയുള്ള നടപടികളുടെ ഭാഗമായി സംസ്ഥാനത്ത് വ്യാഴാഴ്ച (03-07-2014) 41 റെയ്ഡുകള്‍ നടത്തിയതായി സംസ്ഥാന പോലീസ് മേധാവി അറിയിച്ചു. ഇതേത്തുടര്‍ന്ന് രണ്ടുപേര്‍ പോലീസ് പിടിയിലായി. മൂന്ന് കേസുകള്‍ രജിസ്റ്റര്‍ ചെയ്തു. 93,000/-ല്‍പ്പരം രൂപയും കണ്ടെടുത്തിട്ടുണ്ട്. ഇതോടെ ഇതുവരെയായി അമിതപലിശക്കാര്‍ക്കെതിരെ നടന്ന 11799-ലേറെ റെയ്ഡുകളിലായി 916-പേര്‍ പിടിയിലായി. 1852 കേസുകള്‍ ആകെ രജിസ്റ്റര്‍ ചെയ്തിട്ടുണ്ട്.

അമിത പലിശക്കാരെക്കുറിച്ചും അനധികൃത പണമിടപാടു സ്ഥാപനങ്ങളെക്കുറിച്ചും പോലീസ് നടത്തുന്ന അന്വേഷണത്തിന്റെയും പൊതുജനങ്ങളില്‍ നിന്ന് ലഭിക്കുന്ന വിവരത്തിന്റെയും അടിസ്ഥാനത്തിലുള്ള കര്‍ശന പരിശോധന വരും ദിവസങ്ങളിലും തുടരുമെന്ന് സംസ്ഥാനപോലീസ് മേധാവി അറിയിച്ചു.

*************